ഭരണഭാഷ മാതൃഭാഷ

നമ്പർ - ICDS - എ9/5906/2021

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര,തിരുവനന്തപുരം
തീയതി : 26.07.2021
gmail:wcdestablishment2017@gmail.com
Phone No. 0471 - 2346534

## പരിപത്രം

വിഷയം - വനിതാ ശിശുവികസന വകുപ്പ് - അങ്കണവാടി കെട്ടിടവും പരിസരവും പഠനോപാധിയാക്കുന്ന പദ്ധതി - ചായം (CHAYAM) പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന -
(1) സ.ഉ (സാധാ) നം.340/2021/സാ.നീവ തീയതി 24.05.21.
(2) വനിത ശിശുവികസന ഡയറക്ടറുടെ 21.06.21 ലെ ഇതേ നമ്പർ ഉത്തരവ്.
(3) വേങ്ങര (അഡീ) സി.ഡി.പി.ഒ യുടെ 06.07.21 ലെ ICDS/VADL/230/2021 നമ്പർ കത്ത്.
(4) വടക്കൻ പറവൂർ സി.ഡി.പി.ഒ യുടെ 05.07.21 ലെ ICDS/എ-413/21 നമ്പർ കത്ത്.
(5) ARTCO സമർപ്പിച്ച 29.06.21 ലെ അപേക്ഷ.

സംസ്ഥാനത്തെ ഒരു ICDS ൽ നിന്നും ഒരു അങ്കണവാടി എന്ന തോതിൽ 258 ICDS കളിൽ നിന്നായി 258 അങ്കണവാടി കെട്ടിടങ്ങളെ ശിശുസൗഹൃദ - ശിശുപോഷണ അങ്കണവാടികളായി പരിവർത്തനപ്പെടുത്തുന്നതിനായി ചായം (CHAYAM) എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിന് സൂചന (1) പ്രകാരം

സർക്കാർ അനുമതി ലഭിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം പ്രവൃത്തി നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണവകുപ്പ് കെട്ടിടവിഭാഗം ചീഫ് എൻജിനീയറെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആകുന്നു.

ടി പദ്ധതിയിൽ കെട്ടിട നവീകരണം പെയിന്റിംഗ്, ടോയിലറ്റ് നിർമ്മാണം, കളിയുപകരണങ്ങൾ വാങ്ങിസ്ഥാപിക്കൽ, മ്യൂസിക്ക് സിസ്റ്റം സ്ഥാപിക്കൽ, അടുക്കള ഉപകരണങ്ങളുടെ വാങ്ങൽ, ഗാർഡനിംഗ് തുടങ്ങിയ നിരവധി ഘടകങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് LSGD എൻജിനീയറിംഗ് വിഭാഗവുമായി CDPO മാർ പ്രാഥമിക ചർച്ച നടത്തുകയുണ്ടായി. ടി ചർച്ചകളിൽ സിവിൽ വർക്കുകൾ അല്ലാതെ മറ്റ് പർച്ചേസുകൾ ഒന്നും തന്നെ നടത്താൻ തയ്യാറല്ലായെന്നും 'മെഷറബിൾ' അല്ലാത്ത പ്രവൃത്തികൾ ചെയ്യില്ലായെന്നും ബന്ധപ്പെട്ട AE മാർ അറിയിച്ചതായി സൂചന (3), (4) എന്നിവ പ്രകാരം ബന്ധപ്പെട്ട CDPO മാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ചായം പദ്ധതിയുമായി ബന്ധപ്പെട്ട ഇന്റീരിയർ വർക്കുകൾ ചെയ്യുന്നതിന് ARTCO എന്ന സ്ഥാപനത്തിന് മുൻപരിചയമുണ്ടെന്നും സംസ്ഥാനത്തെ നിരവധി അങ്കണവാടികളുടെ നവീകരണ പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട് എന്നും ARTCO യെ സംസ്ഥാനസർക്കാർ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട് എന്നും ആകയാൽ ടി ചായം പദ്ധതി നിർവ്വഹിക്കുന്നതിന് ARTCO യെ ചുമതലപ്പെടുത്തണമെന്നും സൂചന (5) പ്രകാരം Artisans Development Co-operative Ltd. ( ARTCO Ltd.) അപേക്ഷിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ ചായം പദ്ധതിയുടെ സുഖമമായ നിർവ്വഹണത്തിന് ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ചായം പദ്ധതിയിൽ ഉൾപ്പെട്ട അങ്കണവാടികളുടെ സിവിൽ വർക്കുകൾ LSGD എൻജിനീയറിംഗ് വിഭാഗം മുഖേന നിർവ്വഹിക്കേണ്ടതാണ്.
2. LSGD എൻജിനീയറിംഗ് വിഭാഗം സിവിൽ വർക്കുകൾ പൂർത്തിയാക്കി ഫൈനൽ ബില്ലും അനുബന്ധ രേഖകളും (സൂചന 2 ലെ ഉത്തരവ് കാണുക) സമർപ്പിച്ചാലുടൻ ബന്ധപ്പെട്ട സി.ഡി.പി.ഒമാർ തുക മാറി നൽകേണ്ടതാണ്.
3. ഇന്റീരിയർ വർക്കുകൾ, സാധന സാമഗ്രികളുടെ പർച്ചേസിംഗ് എന്നിവ സ്റ്റോർ പർച്ചേസ് മാന്വലിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ/സർക്കാർ ഉത്തരവുകൾ പാലിച്ചുകൊണ്ട് അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തിരമോ നേരിട്ടോ വാങ്ങാവുന്നതാണ്.
4. വാങ്ങുന്ന സാധന സാമഗ്രികൾ സ്റ്റോർ പർച്ചേസ് മാന്വലിൽ നിഷ്കർഷിക്കുന്ന വിധം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.
5. സൂചന 2 ലെ (അനുബന്ധം-1 )ൽ ഉൾപ്പെട്ടുള്ള അങ്കണവാടി സെന്ററുകൾക്ക് പകരം മാറ്റു സെന്ററുകൾ ഉൾപ്പെടുത്താൻ പാട്ടുള്ളതല്ല. തിരഞ്ഞെടുത്ത അങ്കണവാടികൾക്ക് നവീകരണം സാധ്യമാകാത്തപക്ഷം വകുപ്പ് അദ്ധ്യക്ഷയുടെ അനുമതിയോടെ സെന്ററുകളുടെ മാറ്റം അനുവദിക്കുന്നതാണ്
6. നവീകരണാനുമതി ലഭിച്ചവയിൽ നവീകരണം സാധ്യമാകാത്തവ മാറ്റി പുതിയ അങ്കണവാടികളെ ഉൾപ്പെടുത്തുന്നതിന് പ്രോഗ്രാം ആഫീസർ മുഖാന്തിരം ഉടൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്.
7. ചായം പദ്ധതിക്കായി അനുവദിച്ച തുകകൾ പൂർണ്ണമായും ഈ സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതും നടപ്പ് സാമ്പത്തിക വർഷം തന്നെ യു.സികൾ ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതുമാണ്.
8. പ്രോഗ്രാം ഓഫീസർമാർ കൃത്യമായ ഇടവേളകളിൽ പദ്ധതി അവലോകനം ചെയ്യേണ്ടതും ആവശ്യമായ നിർദ്ദേശം സി.ഡി.പി.ഒമാർക്ക് നൽകേണ്ടതുമാണ്.

9. പ്രോഗ്രാം ഓഫീസർമാർ നടപ്പ് സാമ്പത്തിക വർഷത്തിൽ തന്നെ സി.ഡി.പി.ഒ മാരിൽ നിന്നും യു.സികൾ ശേഖരിച്ച് വനിതാ ശിശുവികസന ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനീയർ.
2. സ്റ്റോക്ക് ഫയൽ/സ്പെയർ.